# പെൺസാന്നിധ്യം തെളിയിച്ച് ജി.ഐ.ഒ കാമ്പയിൻ



■ *തിരുവനന്തപുരത്ത് നടന്ന സെമിനാറിൽ ജസ്റ്റിസ് ശ്രീദേവി*

**'പെൺകുട്ടികളുടെ** സാമൂഹ്യസുരക്ഷ' എന്ന പ്രമേയം ഉയർത്തിപ്പിടിച്ച് ജി.ഐ.ഒ കേരള 'സ്ത്രീ – സ്വത്വം സുരക്ഷ സമൂഹം' എന്ന തലക്കെട്ടിൽ നവംബർ 21 മുതൽ ഡിസംബർ 5 വരെ സംഘടിപ്പിച്ച കാമ്പയിൻ സമാപിച്ചു.

നവംബർ 21 മുതൽ ഡിസംബർ 5വരെ വൈവിധ്യമാർന്ന പരിപാടികളോടെയായിരുന്നു കാമ്പയിൻ. ഈ രണ്ടാഴ്ച കാലത്ത് സംസ്ഥാനതലത്തിൽ ഫിലിം ഫെസ്റ്റിവൽ, സെമിനാറുകൾ, സർവെ, എക്സിബിഷൻ, പുസ്തക പ്രകാശനം തുടങ്ങിയവയും, ജില്ലാ പ്രാദേശിക തലങ്ങളിൽ മാതൃ–വിദ്യാർഥിനി സംഗമങ്ങൾ, ടേബിൾ ടോക്കുകൾ, ആതുരാലയ സന്ദർശനങ്ങൾ, നൂറിൽപരം പെൺ ആക്റ്റിവിസ്റ്റുകളെ സന്ദർശിക്കൽ, പ്രതികരണവേദികൾ തുടങ്ങി ഒട്ടേറെ പരിപാടികൾ നടന്നു.

### ഉദ്ഘാടന സമ്മേളനം

ഉദ്ഘാടന സമ്മേളനം കൊച്ചിയിലായിരുന്നു. സച്ചാർ കമ്മിറ്റി കൺസൽട്ടന്റും ദില്ലി ജാമിഅ മില്ലിയ ഇസ്‌ലാമിയയിലെ സീനിയർ പ്രഫസറുമായ അസ്റ റസാഖ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ വിദ്യാഭ്യാസത്തിന് വലിയ പങ്ക് വഹിക്കാനുണ്ടെന്ന് അവർ പറഞ്ഞു. മുസ്‌ലിം പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നേടാൻ അവസരമൊരുക്കണം. സ്ത്രീധന നിരോധം കണിശമായി നടപ്പാക്കാൻ മാതാപിതാക്കളും പെൺമക്കളുമടങ്ങുന്ന സമൂഹം ശ്രദ്ധിക്കണം. സാമൂഹിക സുരക്ഷയും സ്വത്വവും പെൺകുട്ടികൾ സ്വയം നേടിയെടുക്കാൻ ശ്രമിക്കണം. മുസ്‌ലിം സ്ത്രീകളുടെ നിലമെച്ചപ്പെടുത്താൻ ജി.ഐ.ഒക്ക് ഏറെ പങ്ക് വഹിക്കാനുണ്ടെന്നും അവർ പറഞ്ഞു. ജി.ഐ.ഒ കേരള പ്രസിഡന്റ് കെ.കെ റഹീന അധ്യക്ഷത വഹിച്ചു.

ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം വൈസ് പ്രസിഡന്റ് പി.വി റഹ്മാബി മുഖ്യപ്രഭാഷണം നിർവഹിച്ചു. 'സ്ത്രീകളുടെ സുരക്ഷ– നിയമവഴികൾ' എന്ന കൈപുസ്തകത്തിന്റെ പ്രകാശനം വനിതാകമീഷൻ അംഗം പ്രഫ. കുസുമം ജോസഫ് നിർവഹിച്ചു. സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് മാഗ്ലീൻ പീറ്റർ, കർണാടക ജി.ഐ.ഒ പ്രസിഡന്റ് മദീഹ അഫ്ഷാൻ, എ. നജിദ, ഷഫ്ന മൊയ്തു, എം.എ സ്വാലിഹ എന്നിവർ സംസാരിച്ചു. രണ്ടായിരത്തിൽപരം പെൺകുട്ടികൾ സമ്മേളനത്തിൽ പങ്കടുത്തു.

### ഫിലിംഫെസ്റ്റിവൽ

പെൺകാഴ്ചയുടെ വേറിട്ട അനുഭവമായി മാറിയ *ഫ്രെംലെസ്സ് 2010* ഫിലിംഫെസ്റ്റിവൽ അഭ്രപാളിയിലെ പെൺകാഴ്ചയുടെ വിരുന്നൊരുക്കലായിരുന്നു. നവംബർ 24, 25 തീയതികളിൽ തൃശൂർ ജോസഫ് മുണ്ടശ്ശേരി ഹാളിൽ നടന്ന ചലച്ചിത്രോത്സവത്തിൽ *ഫിറാക്, ഒരിടം, ഡാൻസർ ഇൻദി ടാർക്ക്, ഫാദർ ആന്റ് ഡോട്ടർ* എന്നിവ പ്രദർശിപ്പിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ പി.ടി കുഞ്ഞിമുഹമ്മദ് ഉദ്ഘാടനം ചെയ്തു. പാശ്ചാത്യ ലോകം തങ്ങളുടേതെന്ന് അവകാശപ്പെടുന്ന മിക്ക കണ്ടുപിടുത്തങ്ങളും മുസ്‌ലിംകളുടെ സംഭാവനയാണെന്നും ചരിത്രമെഴുത്തിൽ മനഃപൂർവ്വമോ അല്ലാതെയോ വന്ന അപാകതകൾ മൂലമാണ് അവയൊന്നും രേഖപ്പെടുത്തപ്പെടാതെ പോയതെന്നും അദ്ദേഹം പറഞ്ഞു. 'സ്ത്രീയുടെ സിനിമ, സിനിമയിലെ സ്ത്രീ' എന്ന തലക്കെട്ടിൽ നടന്ന ഓപ്പൺഫോറമായിരുന്നു മറ്റൊരു പ്രധാന ആകർഷണം. വൈ ഇർഷാദ്, നിയതി കൃഷ്ണ, അഡ്വ: ആശ, ഖാസിദ കലാം, നജ്മ നസീർ പങ്കെടുത്തു.

### സെമിനാർ

'പ്രണയം ലൈംഗികത സദാ



■ *ഫ്രെയിംലെസ്സ് ഫിലിം ഫെസ്റ്റിവൽ പി.ടി കുഞ്ഞുമുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു*

ചാരം – പെൺപക്ഷം വായിക്കുന്നു' എന്ന തലക്കെട്ടിൽ തിരുവനന്തപുരം പാളയം മസ്ജിദ് കമ്യൂണിറ്റി ഹാളിൽ സെമിനാർ നടത്തി. മൊബൈൽ ഫോൺ ഉപയോഗം ക്രമീകരിക്കാൻ പെൺകുട്ടികളെ പഠിപ്പിക്കേണ്ടതുണ്ടെന്നും ഇക്കാര്യത്തിൽ അമ്മമാർ ജാഗരൂകരാവേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും വനിതാ കമീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് ശ്രീദേവി പറഞ്ഞു.

കേരളത്തിൽ കൗമാരക്കാരായ പെൺകുട്ടികളാണ് കൂടുതൽ പീഡനത്തിന് ഇരയാകുന്നത്. മൊബൈൽ ഫോൺ വഴിയുള്ള ചങ്ങാത്തങ്ങളാണ് ഇതിന് വഴിതുറക്കുന്നത്. ഇക്കൊല്ലം ഇത്തരം 31 പരാതികൾ കമ്മീഷന് കിട്ടി. ഇതിൽ 4 പെൺകുട്ടികൾ ഗർഭിണികളായിരുന്നു. സ്കൂൾ, കോളേജ് വിദ്യാർഥിനികളാണ് ഇങ്ങനെ വഞ്ചിക്കപ്പെടുന്നവരിൽ ഏറെയും. നഗ്ന ചിത്രങ്ങളും നീലച്ചിത്രങ്ങളുമുണ്ടാക്കി ഭീഷണിപ്പെടുത്തിയാണ് പല പീഡനങ്ങളും. ഇങ്ങനെ വഞ്ചിക്കപ്പെടുന്ന കുട്ടികളെ ആശ്വസിപ്പിച്ചും ഉപദേശിച്ചും നല്ല വഴിയിലേക്ക് കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രമിക്കണം. തന്റെ മകൾ അങ്ങനെയൊന്നും ചെയ്യില്ല എന്ന മനോഭാവം രക്ഷിതാക്കൾ മാറ്റി, പരാതികൾ കേട്ടാൽ അത് പരിശോധിക്കാൻ രക്ഷിതാക്കൾ തയാറാകണം.

ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് കെ.കെ റഹീന, സംസ്ഥാന സമിതിയംഗം സുഫൈറ, റിട്ട. അഡീഷണൽ ലോ സെക്രട്ടറി അഡ്വ: ബഷീറ ബീവി, മാതൃശിശുസംരക്ഷണ സമിതി പ്രസിഡന്റ് പ്രിയ സി. നായർ, ഡോ. ജൗഹറുന്നിസ ബീഗം, ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ് ജെ.കെ ഹസീന പങ്കെടുത്തു.

കണ്ണൂർ ജില്ലയിൽ നടന്ന സെമിനാർ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

നിയമങ്ങൾ സ്ത്രീകളുടെ രക്ഷക്കെത്തുന്നില്ലെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത 'അന്വേഷി' അധ്യക്ഷ കെ. അജിത അഭിപ്രായപ്പെട്ടു.

വനിതാ കമ്മീഷൻ അഡ്വൈസറി ബോർഡ് അംഗം അഡ്വ: വിമലകുമാരി, ജമാഅത്തെ ഇസ്‌ലാമി വനിതാ സംസ്ഥാന സമിതിയംഗം കെ.എൻ സുലൈഖ, അഡ്വ: മേരി മാത്യു, എൻ.ജി മേരി ടീച്ചർ, വാണി ടീച്ചർ എന്നിവർ സംബന്ധിച്ചു.

'മാധ്യമങ്ങളും സ്ത്രീകളും' എന്ന വിഷയത്തിലായിരുന്നു മറ്റൊരു സെമിനാർ. പാലക്കാട് സിറ്റി മിനാർ ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ മാധ്യമ പ്രവർത്തക ബീനാ ഗോവിന്ദ് ഉദ്ഘാടനം ചെയ്തു. ജി.ഐ.ഒ സംസ്ഥാന സമിതിയംഗം ആരിഫ ജംഷി അധ്യക്ഷത വഹിച്ചു. സംസ്ഥാന സമിതിയംഗം ഷഫ്ന മൊയ്തു വിഷയാവതരണം നടത്തി. പാലക്കാട് മുൻ നഗരസഭ ചെയർപേഴ്സൺ രമണീഭായ് ടീച്ചർ, ജമാഅത്തെ ഇസ്‌ലാമി വനിതാവിഭാഗം പാലക്കാട് ജില്ലാ പ്രസിഡന്റ് കെ.കെ സഫിയ ടീച്ചർ, മൗണ്ട് സീന സ്കൂൾ പ്രിൻസിപ്പാൾ റസിയ ചാലക്കൽ എന്നിവർ സംസാരിച്ചു.

### എക്സ്പോസ് ഈവ്

സ്ത്രീ ജീവിതത്തിന്റെ വിവിധ തലങ്ങളെ സ്പർശിക്കുന്നതായിരുന്നു 'എക്സോപ്സ് ഈവ്.' കോഴിക്കോട് സംഘടിപ്പിച്ച എക്സിബിഷൻ വർധിച്ച ജനപങ്കാളിത്തം കൊണ്ടും സാംസ്കാരിക സംഗമങ്ങൾ കൊണ്ടും ശ്രദ്ധേയമായി. പതിനായിരത്തിലധികം പേർ സന്ദർശകരായെത്തി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജമീല ഉദ്ഘാടനം ചെയ്തു.

നിർമല ബാല്യത്തെ പ്രതിനിധീകരിച്ച് മകൾ എന്ന സ്റ്റാളിലൂടെയാണ് പ്രദർശനം ആരംഭിക്കുന്നത്. തുണ, മാതൃത്വം, മണിപ്പൂരിൽ സ്വാതന്ത്ര്യപോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇറോം ശർമിളയെക്കുറിച്ചുള്ള ഡോക്യുമെന്ററി, പ്ലാച്ചിമടയിലെ സമരനായിക മയിലമ്മയെ അനുസ്മരിപ്പിക്കുന്ന നിശ്ചല ദൃശ്യം തുടങ്ങിയ 30 സ്റ്റാളുകൾ പ്രദർശനത്തിനുണ്ടായിരുന്നു.

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളുടെ ഫോട്ടോയും ലഘുവിവരണവും സ്റ്റാളിൽ ഒരുക്കിയിരുന്നു. കായിക താരം പ്രജുഷ മുതൽ യു. എസ് വിദേശ കാര്യ സെക്രട്ടറി ഹിലരി ക്ലിന്റൺ വരെ ഇതിൽ ഇടം പിടിച്ചിരുന്നു. അജീബ് കോമാച്ചി പകർത്തിയ സ്ത്രീയുടെ വിവിധ അവസ്ഥകൾ ചിത്രീകരിക്കുന്ന *പെൺനോവ്* പ്രദർശനം പ്രധാന ആകർഷണമയിരുന്നു. ജി.ഐ.ഒ പ്രവർത്തക സി.ടി സഫീറ ഓമശ്ശേരി മെഴുകിൽ ഒരുക്കിയ വിവിധ അലങ്കാര വസ്തുക്കളുടെ സ്റ്റാൾ ശ്രദ്ധേയമായി.

വൃദ്ധസദനം, സ്ത്രീകൾക്ക് ജോലി സ്ഥലത്ത് അനുഭവിക്കേണ്ടി വരുന്ന പീഡനം, മദ്യപാനപ്രശ്നങ്ങൾ, സന്തുഷ്ട കുടുംബം, മാതൃകാ ഭവനം, പാവകളിയിലൂടെ മാതൃകാകുടുംബം കാഴ്ചവെക്കൽ, ഒ.എൻ.വി യുടെ 'അമ്മ' എന്ന കവിതയെ ആസ്പദമാക്കിയ മോഡലുകളും ദൃശ്യങ്ങളും, നൂറ്റാണ്ടുകൾക്ക് മുമ്പ് കുഴിച്ചുമൂടപ്പെട്ട മകളുടെ നൊമ്പരങ്ങളും, പുതുനൂറ്റാ

ണ്ടിലെ ഭ്രൂണഹത്യയുടെ ദൃശ്യങ്ങളും വേറിട്ട ദൃശ്യ സംസ്കാരം പകർന്നു. എക്സിബിഷനോടനുബന്ധിച്ച് എല്ലാ ദിവസവും വൈകിട്ട് സാംസ്കാരിക സംഗമങ്ങളും സംഘടിപ്പിച്ചിരുന്നു.

കൽപറ്റ നാരായണൻ, എ. നജ്ദ, യു.കെ കുമാരൻ, ബി.എം സുഹറ, വീരാൻ കുട്ടി, പി.എ.എം ഹനീഫ്, ടി.കെ. അലി പൈങ്ങോട്ടായി, നവാസ് പാലേരി, എ. റശീദുദ്ദീൻ, എ.കെ ഫാസില, ഫൗസിയ ഷംസ്, വി.പി റജീന, ഫെബിന മൂർക്കത്ത്, കെ. അജിത, കെ. ശാന്ത ടീച്ചർ, ഗ്ലാഡിസ് പി. ഐസക്, ലക്ഷ്മി, സഫിയ ടീച്ചർ, പി.എ സുഫൈറ, ആരിഫ ജംഷി, പി.കെ പാറക്കടവ്, സുലൈഖ അബ്ദുൽ അസീസ്, ഖാലിദ് മൂസാ നദ്‌വി, കെ.എൻ സുലൈഖ ടീച്ചർ എന്നിവർ വിവിധ സംഗമങ്ങളിൽ പങ്കെടുത്തു.

### സമാപന സമ്മേളനം

മലപ്പുറം ടൗൺഹാളിലായിരുന്നു സമാപന സമ്മേളനം. "മനുഷ്യകുലത്തിന്റെ വിമോചനവും ആത്മാവിന്റെ വിശുദ്ധിയും ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീ സമൂഹത്തിന്റെ സാധ്യതകളെ ധാർമിക




■ *സമാപന സമ്മേളനത്തിൽ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അധ്യക്ഷൻ ടി. ആരിഫലി*

തലത്തിൽ ഉപയോഗപ്പെടുത്തുന്നതിലൂടെ മാത്രമേ സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ കഴിയൂ" – സമ്മേളനം ഉദ്ഘാടനം ചെയ്ത് കൊണ്ട് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പറഞ്ഞു. സാമൂഹിക ദുരന്തങ്ങളായി മാറിയ മദ്യവും അശ്ലീലതയും സ്ത്രീ നേതൃത്വം നൽകുന്ന വിമോചന പ്രസ്ഥാനങ്ങൾക്ക് മാത്രമേ തടയാൻ സാധിക്കൂ എന്നും അദ്ദേഹം ഓർമപ്പെടുത്തി.

സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു കൊണ്ട് ജി.ഐ.ഒ കേരള പ്രസിഡന്റ് കെ.കെ റഹീന സംസാരിച്ചു. ആശംസകളർപ്പിച്ച് അഡ്വ: ഷിജി എ. റഹ്മാൻ, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബ് റഹ്മാൻ, എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് ശിഹാബ് പൂക്കോട്ടൂർ എന്നിവർ സംസാരിച്ചു. ■